LIBRARY ARCHIVES Kerala Legislative Assembly

ഞാറയ്ക്കൽ ജയ്ഹിന്ദ് മൈതാനി-സംസ്ഥാനപാത പുനരുദ്ധാരണം

265 (4016) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഞാറയ്ക്കൽ കടപ്പുറത്തുനിന്നും ആരംഭിച്ച് ജയ്ഹിന്ദ് മൈതാനി-സംസ്ഥാനപാത വരെയെത്തുന്ന റോഡിന്റെ പുനരുദ്ധാരണത്തിനും കൽവർട്ട് പുതുക്കിപ്പണിയുന്നതിനുമുള്ള വിശദമായ എസ്റ്റിമേറ്റ് ലഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ബി) ബഡ്ജറ്റിൽ തുക വകയിരുത്തിയിരിക്കുന്ന പ്രസ്തുത പ്രവൃത്തി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ തടസ്സമുണ്ടെങ്കിൽ വിശദമാക്കാമോ ?

ഉത്തരം

(എ-സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണം

266 (4017) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലത്തിന്റെ നിർമ്മാണത്തിന് നബാർഡിൽ നിന്നും ധനസഹായം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) എങ്കിൽ എത്രയെന്നും, സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും വിശദമാക്കാമോ ;

(സി) ടി പ്രവൃത്തിക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കാമോ ;

(ഡി) സാങ്കേതികാനുമതിക്കായി ആവശ്യമായ രേഖകൾ സഹിതം ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അപേക്ഷിച്ചിട്ടുണ്ടോ ; എങ്കിൽ സമർപ്പിച്ച തീയതിയും സ്വീകരിച്ച നടപടിയും വിശദമാക്കാമോ ;

(ഇ) സാങ്കേതികാനുമതി നൽകുന്നതിൽ കാലതാമസത്തിനുള്ള കാരണമെന്തെന്ന് വിശദമാക്കാമോ ;

(എഫ്) ടി പ്രവൃത്തി എന്നത്തേക്ക് ടെണ്ടർ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) പള്ളിപ്പുറം കോൺവെന്റ് ബീച്ച് പാലം നിർമ്മാണത്തിന് നബാർഡിന്റെ RIDF-XX പദ്ധതിയിലുൾപ്പെടുത്തി 1690 ലക്ഷം രൂപയുടെ ഭരണാനുമതി 2014-15 -ൽ നൽകിയിട്ടുണ്ട്. ഇതിൽ 1352 ലക്ഷം രൂപ നബാർഡ് വായ്പയാണ്.

(സി&ഡി) ഇല്ല. സാങ്കേതികാനുമതിക്കുള്ള അപേക്ഷ ചീഫ് എഞ്ചിനീയറിൽ നിന്നും 14-7-2015-ലാണ് സർക്കാരിൽ ലഭിച്ചത്. 15-7-2015-ൽ നടന്ന സെക്രട്ടറി തലത്തിലുള്ള ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി ഇത് പരിഗണിക്കുകയും അനുമതി നൽകാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ) സാങ്കേതികാനുമതിക്കായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ 11-2-2015-ൽ ചീഫ് എഞ്ചിനീയർക്ക് സമർപ്പിച്ച എസ്റ്റിമേറ്റിൽ അപാകതകൾ കണ്ടെത്തിയതിനാൽ തിരികെ നൽകേണ്ടി വന്നു. തിരുത്തിയ എസ്റ്റിമേറ്റ് 9-4-2015-ലാണ് ചീഫ് എഞ്ചിനീയർക്ക് ലഭിച്ചത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തുക 15 കോടി രൂപയ്ക്ക് മുകളിലായതിനാൽ ഈ എസ്റ്റിമേറ്റിന് പൊതുമരാമത്ത് വകുപ്പ് എൻവയോൺമെന്റ് സെല്ലിന്റെ പരിശോധനയും ആവശ്യമായിവന്നു. ഈ നടപടിക്രമങ്ങൾ പൂർത്തിയാക്കി 14-7-2015-ലാണ് ചീഫ് എഞ്ചിനീയറിൽ നിന്നും ശുപാർശ സർക്കാരിൽ ലഭിച്ചത്.

(എഫ്) ടെക്നിക്കൽ സാങ്ഷൻ കമ്മിറ്റി അനുമതി നൽകാൻ തീരുമാനിച്ചതിനാൽ ഇതുസംബന്ധിച്ച് ഉത്തരവ് ഉടൻ നൽകുന്നതും തുടർന്ന് പ്രവൃത്തി ടെണ്ടർ ചെയ്യുന്നതുമാണ്.

മട്ടന്നൂർ വട്ടോളിപ്പാലം നിർമ്മാണം

267 (4018) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിലെ വട്ടോളിപ്പാലം നിർമ്മാണത്തിനുള്ള ഡിസൈൻ അംഗീകരിക്കുകയുണ്ടായോ ;

(ബി) വട്ടോളിപ്പാലം നിർമ്മാണത്തിനാവശ്യമായ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ ;

(സി) 2015-16-ലെ നബാർഡ് സാമ്പത്തിക സഹായത്തിനുള്ള പൊതുമരാമത്ത് പ്രവൃത്തികളുടെ പട്ടികയിൽ പ്രസ്തുത പ്രോജക്ട് കൂടി ഉൾപ്പെടുത്തി നബാർഡിന് പ്രൊപ്പോസൽ സമർപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ ?

998/18

LIBRARY ARCHIVES Kerala Legislative Assembly